(എഫ്) അറബിക് കോളേജുകളിലെ താഴ്ന്ന ഗ്രേഡിലേയ്ക്കുള്ള അദ്ധ്യാപക നിയമനം സർവ്വകലാശാല മാനദണ്ഡങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസി തന്നെയാണ് നടത്തുന്നത്.

കോളേജുകളിൽ സ്കോളർ സപ്പോർട്ട് പ്രോഗ്രാം

20 (1056) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ ;എങ്കിൽ വിശദമാക്കുമോ ;

(ബി) ഏതെല്ലാം കോളേജുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിലെ ഏതെല്ലാം കോളേജുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) പഠനവിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, ആ വിഷയത്തിൽ പ്രകടനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അധിക പിന്തുണ നൽകുന്ന പദ്ധതിയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാം (SSP). ഇതിനായി ട്യൂഷൻ ക്ലാസ്സുകൾ, അധിക ലക്ചറുകൾ, പഠനസഹായികൾ, ക്വസ്റ്റ്യൻ ബാങ്ക് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുന്നു. ഓരോ കോളേജിലെയും തെരഞ്ഞെടുത്ത 50 ആദ്യവർഷ ബിരുദതല വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ആദ്യവർഷം പദ്ധതിയിലേക്ക് വരുന്നവർക്ക് ബിരുദ പ്രോഗ്രാമിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതി പ്രകാരമുള്ള പ്രയോജനം ലഭിക്കുന്നതാണ്. ഏതൊക്കെ വിഷയങ്ങളിലാണ് വിദ്യാർത്ഥികൾക്ക് അധിക സഹായം നൽകേണ്ടതെന്ന് കോളേജുകൾക്ക് തീരുമാനിക്കാവുന്നതാണ്. പ്ലസ് ടു തലത്തിൽ ലഭിക്കുന്ന മാർക്ക് പരിഗണിച്ച് പിന്നിൽ നിൽക്കുന്നവർക്കാണ് പദ്ധതി പ്രകാരമുള്ള പ്രയോജനം ലഭിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2012-13 അദ്ധ്യയന വർഷം അന്ന് നിലവിലുണ്ടായിരുന്ന 41 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പദ്ധതി ആരംഭിച്ചു. 2013-14 അദ്ധ്യയന വർഷം 27 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും 2014-15 അദ്ധ്യയന വർഷത്തിൽ അവശേഷിക്കുന്ന എയ്ഡഡ് കോളേജുകളിലും പദ്ധതി ആരംഭിച്ചു. ഇതനുസരിച്ച് 2014-15 അദ്ധ്യയന വർഷം 41 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും 148 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും പദ്ധതി നിലവിലുണ്ട്.

(സി) വയനാട് ജില്ലയിലെ 6 കോളേജുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

1. ഗവൺമെന്റ് കോളേജ്, കൽപ്പറ്റ
2. ഗവൺമെന്റ് കോളേജ്, മാനന്തവാടി
3. സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി
4. പഴശ്ശിരാജ കോളേജ്, പുൽപ്പള്ളി
5. മേരിമാതാ ആർട്സ് & സയൻസ് കോളേജ്, മാനന്തവാടി
6. WMO ആർട്സ് & സയൻസ് കോളേജ്, മുട്ടിൽ

കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്

21 (1057) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദീകരിക്കാമോ ;

(സി) പ്രസ്തുത ക്ലബ്ബുകളുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly